കെ. എസ്. ആർ. ടി. സി.-യുടെ കീഴിൽ വ്യവസായ ശൃംഖല

62 [2931] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവുമധികം തൊഴിൽ സാധ്യതകളുള്ളതും റവന്യൂ വരുമാനമുള്ളതും ലാഭകരമായതുമായ ഒരു പൊതുമേഖലാ സ്ഥാപനമായി കെ. എസ്. ആർ. ടി. സി.-യെ നിലനിർത്തുന്നതിന് അനുബന്ധ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(ബി) കെ. എസ്. ആർ. ടി. സി.-യുടെ കീഴിൽ ടയർ കമ്പനികൾ, പ്രിന്റിംഗ് പ്രസ്സുകൾ, പെയ്ന്റ് കമ്പനികൾ എന്നിവ ആരംഭിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാനും കെ. എസ് ആർ. ടി. സി.-യെ നഷ്ടത്തിൽ നിന്നും കരകയറ്റുവാനും തയ്യാറാകുമോ;

(സി) പൊതുജന സേവനോന്മുഖമായ കെ. എസ്. ആർ. ടി. സി സർക്കാർ—സ്വകാര്യ വാഹനങ്ങൾക്ക് ആവശ്യമായ സ്പെയറുകൾ നൽകുന്ന ഒരു വ്യവസായ ശൃംഖലയ്ക്ക് രൂപം നൽകുമോ?

ഉത്തരം

(എ—സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

തലസ്ഥാന നഗര വികസനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം ജില്ലയിൽ ആവിഷ്കരിച്ച പദ്ധതികൾ

63 [2932] ശ്രീ: എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗര വികസനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം ജില്ലയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചത്;

(ബി) ഈ പദ്ധതികളിലൂടെ പുതുതായി എത്രയിനം ബസ്സുകൾ നിരത്തിലിറക്കി; അവ ഏതൊക്കെ; അവയുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) തലസ്ഥാന നഗര വികസനവുമായി ബന്ധപ്പെട്ട് തലസ്ഥാന നഗരിയിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങൾ ഉള്ള ലോ ഫ്ളോർ ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. ഇതു കൂടാതെ പുതിയ ഹൈ ടെക് ബസ്സുകൾ ഉപയോഗിച്ച് അനന്തപുരി ഫാസ്റ്റ് എന്ന പേരിൽ 150 സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ പുതിയ സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികളിലൂടെ 45 ബസ്സുകൾ നിരത്തിലിറക്കി. ലോ ഫ്ളോർ അനന്തപുരി എയർ ബസ് 4 എണ്ണം. അനന്തപുരി ഫാസ്റ്റ് 41 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly